## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം.2282** **09.03.2018-ൽ മറുപടിയ്ക്ക്**

**നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരികകേന്ദ്രം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പതിനാല് ജില്ലകളിലും (എ) നവോത്ഥാന നായകരുടെ പേരിൽ യും, ഓരോ സാംസ്കാരിക കേന്ദ്രം (ബി) സ്ഥാപിക്കുന്ന കാര്യം 2016-2017 ബജറ്റിൽ യും സൂചിപ്പിച്ചിരുന്നതനുസരിച്ച് ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | നിലവിൽ ഒരു ജില്ലയിലും സാംസ്കാരിക കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പത്തനംതിട്ട, കോട്ടയം, വയനാട് ജില്ലകളിലൊഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) പ്രസ്തുത സാംസ്കാരികകേന്ദ്രം മറ്റ ജില്ലകളിൽ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇല്ലെങ്കിൽ ഇതിനു കാരണം എന്തെന്നും വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ